# ദൈവത്തിൻറെ വചനം ദേഹിയേയും ആത്മാവിനെയും തമ്മിൽ വേർപെടുത്തുന്നു

സാക് പുന്നൻ

WFTW 08 നവംബർ 2015

എബ്രായർ 4:12ൽ ഇപ്രകാരം വായിക്കുന്നു. 'ദൈവത്തിൻറെ വചനം ജീവനും ചൈതന്യവും ഉള്ളതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധി മജ്ജകളെയും വേർപെടുത്തുംവരെ തുളച്ചു കയറുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.'

ദൈവത്തിൻറെ വചനം ദേഹിയേയും ആത്മാവിനെയും തമ്മിൽ വേർപെടുത്തുന്നു (4:12). ദൈവവചനം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി നാം നമ്മുടെ ദേഹി (മനസ്സും വികാരങ്ങളും) യിലാണോ ആശ്രയിക്കുന്നത് അതോ പരിശുദ്ധാത്മാവിലാണോ എന്നു വെളിപ്പെടുത്തുന്നത് ദേഹിയുടെയും ആത്മാവിൻറെയും വിഭജനം ആണ്. പഴയ ഉടമ്പടിയുടെ കീഴിലുണ്ടായിരുന്ന ആളുകൾക്കു ദേഹിയും ആത്മാവും തമ്മിൽ വേർതിരിച്ചറിയാൻ കഴിയുമായിരുന്നില്ല.

പഴയ ഉടമ്പടിയിലെ സമാഗമന കൂടാരത്തിനു മൂന്നു ഭാഗങ്ങൾ ഉണ്ടായിരുന്നു പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധ സ്ഥലം. ഇതു മനുഷ്യൻറെ ശരീരം, ദേഹി, ആത്മാവ് ഇവയുടെ ഒരു ചിത്രമായിരുന്നു (1 തെസ്സ. 5:23). ദേഹിയെ പ്രതിനിധീകരിച്ചിരിക്കുന്നത് വിശുദ്ധസ്ഥലമാണ്, ആത്മാവിനെ അതിവിശുദ്ധ സ്ഥലവും. ദൈവത്തിൻറെ സാന്നിദ്ധ്യം അതിവിശുദ്ധ സ്ഥലത്തായിരുന്നു ഉണ്ടായിരുന്നത്. വിശുദ്ധ സ്ഥലത്തിനും അതിവിശുദ്ധ സ്ഥലത്തിനും ഇടയിലായി കനമുള്ള ഒരു തിരശീല ഉണ്ടായിരുന്നു (ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ ഒഴികെ) ഒരു മനുഷ്യനെയും അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാൻ അനുവദിച്ചിരുന്നില്ല. പഴയ ഉടമ്പടിയുടെ കീഴിൽ ആത്മാവിൽ ജീവിക്കുവാനോ ദൈവത്തെ സേവിക്കുവാനോ മനുഷ്യനു കഴിഞ്ഞിരുന്നില്ല എന്നു പ്രതീകാത്മകമായി പഠിപ്പിക്കുവാൻ വേണ്ടി ആയിരുന്നു ഇത്. അതുകൊണ്ട് എന്താണ് ദേഹീപരമായത് എന്താണ് ആത്മീയമായത് എന്നു വേർതിരിച്ചറിയുവാൻ യിസ്രയാൽ മക്കൾക്കു കഴിഞ്ഞിരുന്നില്ല. ഇപ്പോഴും ഉവ രണ്ടും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ കഴിയാത്തവർ പഴയ ഉടമ്പടി ക്രിസ്ത്യാനികളായി ജീവിക്കുന്നു.

'ദേഹീപരം' എന്താണ് 'ആത്മീയം' എന്താണ് എന്നു ദൈവവചനം നിങ്ങൾക്കു കാണിച്ചു തരും. ഇന്നത്തെ അനേകം 'ക്രിസ്തീയ'പ്രവർത്തനങ്ങളും ദേഹീപരമാണ്. ദേഹീപരമായ പ്രവർത്തനങ്ങൾ അടിസ്ഥാനപ്പെട്ടിരിക്കുന്നത് മാനുഷിക ആശയങ്ങളാൽ ദൈവത്തെ സേവിക്കുന്നതിലാണ്. അതു തിന്മയായതോ ജഡീകമായതോ അല്ലാത്ത നല്ല ആലോചനകളായിരിക്കാം. എന്നാൽ അവ മാനുഷികവും ദേഹീപരവുമാണ്. മൂന്നു തരം ക്രിസ്ത്യാനികൾ ഉണ്ട്. ജഡിക ക്രിസ്ത്യാനികൾ വീണ്ടു ജനിച്ചവർ ആണ്. എന്നാൽ ഇപ്പോഴും പരിമിതമായ അളവിൽ പാപകരമായ സന്തോഷങ്ങൾ ആസ്വദിക്കുന്നവർ, പണത്തെ സ്നേഹിക്കുന്നവർ തുടങ്ങിയവർ. അടുത്തത് ദേഹീപരരായ ക്രിസ്ത്യാനികൾ. അവർ മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഉപേക്ഷിച്ചവരാണ്. എന്നാൽ അവർ ഇപ്പോഴും അവരുടെ ബുദ്ധിശക്തിയിലും വികാരങ്ങളിലും ജീവിക്കുന്നു. ഇനി ഉള്ളത് ആത്മീയരായ ക്രിസ്ത്യാനികൾ. അവർ തങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന കാര്യം അന്വേഷിക്കുന്നു. ദേഹീപരരായ ക്രിസ്ത്യാനികൾ, സാക്ഷികളാകാനും കർത്താവിനെ സേവിക്കാനും വളരെ ആകാംക്ഷയുള്ള നല്ല ആളുകളായിരിക്കാം. എന്നാൽ ഈ

കാര്യങ്ങളെല്ലാം അവർ ചെയ്യുന്നത് മാനുഷിക മാർഗ്ഗത്തിലായിരിക്കും. അവർ ദൈവത്തിൻറെ വഴികൾ മനസ്സിലാക്കുന്നില്ല. കർത്താവു പറയുന്നു 'എൻറെ വഴികൾ നിങ്ങളുടെ വഴികൾ അല്ല. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എൻറെ വഴികൾ നിങ്ങളുടെ വഴികളെക്കാൾ ഉന്നതമായതാണ്' (യെശ. 55:8,9). നമുക്കു ശ്രമിച്ചു നോക്കി നഷ്ടപ്പെട്ട ആത്മാക്കളുടെ അടുത്തെത്തിച്ചേരാൻ കഴിയുന്ന മാനുഷിക രീതികൾ ഉണ്ട്. ദൈവത്തെ സേവിക്കുന്നതിനുള്ള മാനുഷിക രീതികളും ഉണ്ട്. ദാവീദ് ഒരിക്കൽ ദൈവത്തൻറെ പെട്ടകം ഒരു കാളവണ്ടിയിൽ കയറ്റിക്കൊണ്ടുവരുവാൻ ശ്രമിച്ചു ഈ രീതിയിൽ ഫെലിസ്ത്യർ ഒരിക്കൽ അതു ചെയ്തു (2 ശമൂ. 6:3,7; 1 ശമൂ. 6:11). ഒരു നീണ്ട യാത്ര മുഴുവൻ അവരുടെ തോളിൽ അതു വഹിക്കുന്ന ഭാരത്തിൽ നിന്നു കെഹാത്യരെ രക്ഷിക്കുവാൻ അതു നല്ല ഒരാശയമായിരുന്നു. എന്നാൽ അതു ദൈവത്തിൻറെ വഴി ആയിരുന്നില്ല അതുകൊണ്ടാണ് വഴിക്കു വച്ച് ദൈവം ന്യായവിധി നടത്തിയത്.

ദൈവത്തിൻറെ വേല ചെയ്യുന്നതിന് ക്രിസ്ത്യാനികൾ മാനുഷിക മാർഗ്ഗം കൈക്കൊള്ളുമ്പോഴെല്ലാം അവിടെ ചിന്താക്കുഴപ്പം ഉണ്ടാകും. അവിടെ ആകർഷകമായ ബാഹ്യഫലങ്ങൾ ഉണ്ടായേക്കാം. എന്നാൽ ദൈവത്തിൻറെ തേജസ്സ് അവിടെ കാണുകയില്ല. ദൈവം തന്നോടു കല്പിച്ചതുപോലെ തന്നെ മോശെ സമാഗമന കൂടാരം ഉണ്ടാക്കി. ഈജിപ്തിലെ കലാശാലകളിൽ പഠിച്ചിരുന്നതുപോലെ അദ്ദേഹം അതു പണിതില്ല. അവിടെ അവർ പഠിച്ചത് വിപുലമായ പിരമിഡുകൾ ഉണ്ടാക്കാനാണ്. ദൈവത്തിൻറെ ആലയം പണിയുന്നത് എങ്ങനെ എന്നുള്ള മാനുഷിക അറിവുകൾ എല്ലാം മോശെയ്ക്ക് ഉപേക്ഷിക്കേണ്ടി വന്നു. അദ്ദേഹത്തെ 40 വർഷം മരുഭൂമിയിൽക്കൂടി ദൈവത്തിനു കടത്തിക്കൊണ്ടു പോകേണ്ടി വന്നതിൻറെ ഒരു കാരണം അതായിരുന്നു അദ്ദേഹത്തിൻറെ മാനുഷിക ജ്ഞാനം ഉപേക്ഷിക്കുവാൻ. ഗമാലിയേലിൻറെ ബൈബിൾ സ്കൂളിൽ 3 വർഷം പഠിച്ചപ്പോൾ തനിക്കു ലഭിച്ച മാനുഷിക ആശയങ്ങൾ ഉപേക്ഷിച്ചു കളയാൻ വേണ്ടിയാണ് ദൈവം പൗലൊസിനെ 3 വർഷം അറേബ്യയിലേക്കു കൊണ്ടുപോയത് (ഗലാ. 1:17,18). ദൈവത്തിൻറെ വഴികൾ തനിക്കു മനസ്സിലാക്കാൻ കഴിയുന്നതിനു മുമ്പ് പൗലൊസിന് തൻറെ ദേഹീപരമായ അറിവുകൾ മരണത്തിന് ഒഴുക്കി കളയേണ്ടി വന്നു. ദേഹി, മാനുഷിക ശക്തിയെയും സൂചിപ്പിക്കുന്നു അവിടെ നാം മാനുഷിക വിഭവങ്ങളെയാണ് ആശ്രയിക്കന്നത്. നമുക്കു ധാരാളം ഇലക്ട്രോണിക് ഉപകരണങ്ങളും രഷ്ട്രീയസ്വാധീനവുമുണ്ടെങ്കിൽ ദൈവത്തിൻറെ വേല കുറച്ചു കൂടി നന്നായി ചെയ്യാൻ കഴിയുമെന്നു നമുക്കു സങ്കല്പിക്കാൻ കഴിയും. അതൊരു വഞ്ചനയാണ്. ദൈവത്തിൻറെ വേല പൂർത്തീകരിക്കപ്പെടാൻ കഴിയുന്നത് പരിശുദ്ധാത്മാവിൻറെ ശക്തിയാലാണ്. ആദിമ അപ്പൊസ്തലന്മാർക്കു പണമോ, ഉപകരണങ്ങളോ, സ്വാധീനമോ ഉണ്ടായിരുന്നില്ല. അവരുടെ മാനുഷിക വിഭവങ്ങൾ പൂജ്യമായിരുന്നു. എന്നാൽ ഇന്നു ക്രിസ്ത്യാനികൾ തങ്ങളുടെ എല്ലാ ഉപകരണങ്ങളിലൂടെയും പണത്തിലൂടെയും സ്വാധീനത്തിലൂടെയും പൂർത്തീകരിച്ചതിനെക്കാൾ വളരെയധികം കാര്യങ്ങൾ പൂർത്തീകരിക്കുവാൻ അവർക്കു കഴിഞ്ഞു. അപ്പൊസ്തലന്മാർക്ക് ആത്മീയ ശക്തി ഉണ്ടായിരുന്നു ദേഹിയുടെ ശക്തി അല്ല. നമുക്കു യഥാർത്ഥ ആത്മീകർ ആകണമെങ്കിൽ നാം ദേഹിയെയും ആത്മാവിനെയും വേർപെടുത്തണം. ധാരാളം വികാരവും ശബ്ദവും ഉണ്ട് എന്നതു കൊണ്ടുമാത്രം അവിടെ പരിശുദ്ധാത്മാവ് വ്യാപരിക്കുന്നു എന്ന് അവകാശപ്പെടുന്ന അനേകം യോഗങ്ങളിൽ ഞാൻ ആയിരുന്നിട്ടുണ്ട്. എന്നാൽ ഞാൻ കബളിപ്പിക്കപ്പെട്ടില്ല. അതു മാനുഷിക ദേഹിയുടെ പ്രവർത്തനം മാത്രമാണെന്നും പരിശുദ്ധാതമാവിൻറെ പ്രവൃത്തി അല്ല എന്നും എനിക്കു വ്യക്തമായി കാണാൻ കഴിഞ്ഞു. 'പരിശുദ്ധാത്മാഭിഷേകം' എന്ന് അവർ വിളിക്കുന്നത് 'അവരുടെ ദേഹീബലത്തിൻറെ അഭിഷേകം' മാത്രമാണ്. ഇന്നും യേശു ക്രിസ്ത്യാനികളെ യഥാർത്ഥമായി പരിശുദ്ധാത്മാവിൽ അഭിഷേകം ചെയ്യുന്നുണ്ട്. എന്നാൽ അതു ക്രിസ്തുവിൻറെ സാക്ഷിയാകാനുള്ള ആത്മീക ശക്തി നൽകുന്നു (അപ്പൊ. പ്രവ. 1:5,8). ദേഹീബലം ഏതു വിധേനയും ഒരാളിൻറെ വികാരങ്ങളെ ഉളക്കുക മാത്രമേ ചെയ്യുന്നുള്ളു. എന്നാൽ അനേക

ക്രിസ്ത്യാനികൾക്കും ഈ കാര്യത്തിൽ വിവേചനമില്ലാത്തതുകൊണ്ട് അവർ വഞ്ചിക്കപ്പെടുന്നു. അവർ ക്രിസ്ത്യീയമല്ലാത്ത പ്രാർത്ഥനാ യോഗങ്ങളിലും 'അന്യഭാഷ'യിൽ സംസാരിക്കുകയും, അവരുടെ വികാരങ്ങളെ ഉണർത്തുകയും അവർ 'ആന്തരികമായ ഒരു സ്വസ്ഥതയിലേക്കു വന്നു' എന്ന് അവകാശപ്പെടുകയും ചെയ്യുന്നു. അനേക മതങ്ങൾ മാനുഷ ദേഹീബലം ഊർജ്ജസ്വലമാക്കുന്ന കാര്യത്തിൽ ആസക്തമാകുന്നു.

ഈ നാളുകളിൽ ദേഹിയെയും ആത്മാവിനെയും തമ്മിൽ വിവേചിച്ചില്ലെങ്കിൽ നമ്മൾ തീർത്തും വഞ്ചിക്കപ്പെടും. ഇന്നു യേശുവിൻറെ നാമത്തിൽ നടത്തപ്പെടുന്ന അനേകം 'രോഗശാന്തി'യും മാനുഷദേഹിയുടെ ശക്തിയിലൂടെയാണ്, അല്ലാതെ പരിശുദ്ധാത്മാവിൻറെ യഥാർത്ഥമായ വരത്തിലൂടെ അല്ല. വളരെയധികം ഗാനാലാപനം കൊണ്ട് മീറ്റിംഗിൽ ഒരു 'അന്തരീക്ഷം' പണിയപ്പെടുന്നു. 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു' എന്നതുപോലെയുള്ള പാട്ടുകൾ അനേകം തവണ പാടുന്നതിനാൽ ആളുകളുടെ വികാരം ശക്തിപ്പെടുന്നു. അപ്പോൾ 'അവരുടെ വിശ്വാസത്തെ ഏൽപിച്ചു കൊടുക്കുവാൻ !! അവരോട് ആവശ്യപ്പെടുന്നു. ഇതിന് ദൈവവുമായി ഒന്നും ചെയ്യാനില്ല. പ്രസംഗകൻ ആളുകളെ കേവലം മസ്മര വിദ്യയ്ക്ക് അടിമപ്പെടുത്തുന്നു. യേശുവും അപ്പൊസ്തലന്മാരും ഒരിക്കലും അതുപോലെ ആളുകളെ സൗഖ്യമാക്കിയില്ല. അവർ രോഗികളെ സൗഖ്യമാക്കിയത് ശാന്തമായി, ഗാനാലപനോ വികാരമോ ഒന്നുമില്ലാതെയാണ്.

ഈ കള്ളനാണയം നിങ്ങൾ തിരിച്ചറിഞ്ഞില്ലെങ്കിൽ ഇതാണ് ദൈവത്തെ സേവിക്കാനുള്ള മാർഗ്ഗം എന്നു സങ്കല്പിച്ച്, നിങ്ങളും അതു പകർത്താൻ പോലും ശ്രമിച്ചേക്കാം. അതിനു ശേഷം നിങ്ങളും പോയി നിങ്ങളുടെ ദേഹീബലം ഇതേ രീതിയിൽ മറ്റുള്ളവർക്കു വെളിപ്പെടുത്തി കാണിച്ച് അവരെയും നിങ്ങളെത്തന്നെയും വഞ്ചിക്കും. അതുകൊണ്ടു ദൈവത്തിൻറെ വചനം നിങ്ങളുടെ ഉള്ളിലേക്കു തുളച്ചു കയറുവാനും അനുവദിക്കുക. നിങ്ങൾ യേശുവിനെ നോക്കുക, അതിൻറെ ഉത്തരം നിങ്ങൾ യേശുവിൽ കണ്ടെത്തും. നിങ്ങൾ എപ്പോഴെങ്കിലും ഒരു രോഗശാന്തി ശുശ്രൂഷ യോഗത്തിൽ പങ്കെടുക്കുകയോ, ക്രിസ്തീയ ടി.വി.യിൽ അതു കാണുകയോ ചെയ്യുമ്പോൾ, യേശു ഇതു ചെയ്തത് ഉങ്ങനെയാണോ എന്നു നിങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. ദൈവവചനത്തെ അവഗണിച്ചാൽ, അപ്പോൾ നിങ്ങൾ തീർച്ചയായും വഞ്ചിക്കപ്പെടും. ദൈവത്തിൻറെ വചനം ദേഹിയെയും ആത്മാവിനെയും തമ്മിൽ വേർപെടുത്തട്ടെ. യഥാർത്ഥത്തിൽ, സത്യമായ ആത്മീയത എന്താണെന്നു നമുക്കു കാണിച്ചു തരുവാൻ ദൈവം നമുക്ക് അവിടുത്തെ വചനവും, യേശുവിൻറെയും അപ്പൊസ്തലന്മാരുടെയും മാതൃകയും തന്നിട്ടുണ്ട്.